പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ. 589

28-07-2015 ൽ മറുപടിക്ക്

## കർഷകർക്ക് അഗ്രികാർഡ്

**ചോദ്യം**

ശ്രീ.സി. ദിവാകരൻ
ശ്രീ.വി.ശശി
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ. പി. തിലോത്തമൻ

**ഉത്തരം**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) സംസ്ഥാനത്ത് പേര് രജിസ്റ്റർ ചെയ്ത എത്ര കർഷകരുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (എ) | 17-08-2013 വരെ 18.77 ലക്ഷം കർഷകരുടെ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (ബി) സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും അഗ്രികാർഡ് നൽകാനുള്ള പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് നടപ്പാക്കാൻ കഴിഞ്ഞില്ല എന്ന് വ്യക്തമാക്കാമോ; | (ബി) | കൃഷി വകുപ്പിന്റെ ഓൺലൈൻ കർഷക ഡേറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18.77 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി കനറാ ബാങ്കുമായും കേരള ഗ്രാമീൺ ബാങ്കുമായും സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു. |
| (സി) അഗ്രികാർഡ് ലഭിക്കുന്നതിലൂടെ കർഷകർക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ; | (സി) | അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനാണ് 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.<br>• കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായ ങ്ങളും.<br>• ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (crop loan)<br>• 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന് 50 ശതമാനം പലിശ സബ്സിഡി നല്കുന്നു. |
| (ഡി) അഗ്രികാർഡ് നല്കുന്ന പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | കർഷക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള 18.77 ലക്ഷം അപേക്ഷകൾ കർഷക ഡേറ്റാ ബേസിൽ ഡാറ്റാ എൻട്രി പൂർത്തിയാക്കി വരുന്നു. ഇതിലെ വിവരങ്ങൾ ഉൾപ്പെടുത്തി അഗ്രികാർഡ് വിതരണം എത്രയുംവേഗം പൂർത്തിയാക്കുന്നതിനായി, ബാങ്കുകളുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ